**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1957** **29-09-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പ്രീ-മെടിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റതവണയായി ലംപ്സം ഗ്രാന്റ് നൽകി വരുന്നു. ഹയർ സെക്കണ്ടറി മുതൽ പ്രൊഫഷണൽ ബിരുദാനന്തര ബിരുദ കോഴ്സ് വരെ പോസ്റ്റ് മെടിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, എ ബി എൽ സി, പോക്കറ്റ് മണി, ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, പരീക്ഷ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെലോഷിപ്പ് എന്നിവയും നൽകി വരുന്നു. നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ ഐ.ഐ.ടി-എൻ.ഐ.ടി എൻട്രൻസ് പരിശീലന പരിപാടികൾ/സിവിൽ സർവീസ് പരിശീലനം എന്നിവയ്ക്ക് അനുവദനീയമായ നിശ്ചിത തുക പരിശീലന സ്ഥാപനങ്ങളിലേക്ക് അനുവദിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളായ അച്ഛനും അമ്മയും നഷ്ടപ്പെട്ട് നിരാലംബരായ വിദ്യാർത്ഥികളെ സർക്കാർ ദത്തെടുത്തു ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി വഴി ഒരു കുട്ടിക്ക് പരമാവധി 1 ലക്ഷം രൂപ വരെ വർഷം തോറും അനുവദിച്ചു വരുന്നു. ഭാവിയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളും ജോലി സാധ്യതകളും കണ്ടെത്തുന്നതിന് തീരദേശ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച career guidance programme എല്ലാ വർഷവും നൽകി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു. പ്രതിഭാതീരം പദ്ധതി വഴി തീരദേശത്തെ 75 ലൈബ്രറികൾ തെരഞ്ഞെടുത്ത് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകി കുട്ടികൾക്ക് ഇ-ലേണിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനെല്ലാം പുറമേ എട്ടാം ക്ലാസ് മുതൽ കുട്ടികൾക്ക് താമസിച്ചു പഠിക്കാനാകുന്ന തരത്തിൽ 9 തീരദേശ ജില്ലകളിലായി 10 എണ്ണം GRFTHS പ്രവർത്തിച്ചു വരുന്നു. അവിടെ താമസം, ഭക്ഷണം, ലാബ്, ലൈബ്രറി, ജിംനേഷ്യം, പഠനയാത്രകൾ, ബുക്ക്, യൂണിഫോം എന്നിവ എല്ലാം സൗജന്യമായി നൽകുന്നു. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ കഴിഞ്ഞ രണ്ട് വർഷങ്ങളായി മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഇല്ല. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രീമെടിക് സ്കോളർഷിപ്പുകൾ കുടിശ്ശിക ഇല്ലാതെ നൽകിയിട്ടുണ്ട്. എന്നാൽ മലപ്പുറം ജില്ലയിലെ പ്രീമെടിക് സ്കോളർഷിപ്പ്, കഴിഞ്ഞ രണ്ടു വർഷത്തെ പോസ്റ്റ്മെടിക് സ്കോളർഷിപ്പ് കുടിശിക വന്നതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. |

| സ്ഥാപനം | വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിക്കാനുള്ള തുക (രൂപ) |
|---|---|---|---|
| ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മലപ്പുറം | 2024-25 | 211 | 21,00,000 |
| | 2025-26 | 510 | 51,00,000 |
| ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഓഫീസ് (ട്രെയിനിംഗ്) | 2023-24 | 415 | 1,20,59,323 |

| | | | |
|---|---|---|---|
| 2024-25 | 14567 | 24,14,84,749 | |
| 2025-26 | 5914 | 6,17,904 | |

| | | | |
|---|---|---|---|
| (സി) | ഇതിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും പ്രസ്തുത തുക ഉപയോഗിച്ച് ആനുകൂല്യങ്ങൾ പൂർണ്ണമായി നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (സി) | 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2405-00-103-80 (പ്ലാൻ) ശീർഷകത്തിൽ 9,28,00,000/- രൂപയും 2405-00-121-97-00-12-00-N-V (നോൺ പ്ലാൻ) ശീർഷകത്തിൽ 27,50,00,000/- രൂപയും വകയിരുത്തിയിരുന്നു. പ്രസുതത തുക ഉപയോഗിച്ച് ടി വർഷത്തെ ആനുകൂല്യങ്ങൾ പൂർണമായി നൽകാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | ഇതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 2405-00-103-80 (പ്ലാൻ) ശീർഷകത്തിൽ 9,69,50,000/- രൂപയും 2405-00-121-97-00-12-00-N-V (നോൺ പ്ലാൻ) ശീർഷകത്തിൽ 27,75,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ